# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 148 | 09.06.2014-ന് മറുപടിയ്ക്ക്

### ഓപ്പറേഷൻ കുബേര

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.പി.തിലോത്തമൻ<br>ശ്രീ.കെ.രാജു<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.വി.ശശി | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ഓപ്പറേഷൻ കുബേര ആരംഭിച്ചതെന്നുമുതലാണ്, ഇതിനകം എത്ര റെയ്ഡുകൾ നടത്തി, എത്രപേരെ കസ്റ്റഡിയിലെടുത്തു, എത്ര പേരെ അറസ്റ്റ് ചെയ്തു, കേസ് ചാർജ്ജ് ചെയ്തു എന്നിവ വിശദമാക്കാമോ; | (എ) | 10.05.2014 മുതലാണ് സംസ്ഥാനത്ത് ഓപ്പറേഷൻ കുബേര ആരംഭിച്ചത്. ഇതിനകം 8002 റെയ്ഡുകൾ നടത്തി. 773 പേരെ കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്തിട്ടുള്ളതും 759 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. 1364 കേസുകൾ രജിസ്റ്റർ ചെയ്തു. |
| (ബി) | എന്തെല്ലാം രേഖകളാണ് അമിത പലിശക്കാരിൽ നിന്നും കണ്ടെടുത്തതെന്ന് വെളിപ്പെടുത്തുമോ; | (ബി) | മുദ്രപത്രങ്ങൾ, ആധാരങ്ങൾ, ഒപ്പിട്ട ചെക്ക് ലീഫുകൾ, ഒപ്പിട്ട വെള്ളപേപ്പറുകൾ, കരാറുകൾ, ബുക്കുകൾ, പ്രോമിസറി നോട്ടുകൾ, പാസ്സ് ബുക്കുകൾ, രജിസ്റ്ററുകൾ, ഡയറികൾ, വെഹിക്കിൾ സെയിൽ ലെറ്ററുകൾ, വാഹനങ്ങളുടെ ആർ.സി. ബുക്കുകൾ, വിദ്യാഭ്യാസ യോഗ്യതാ സർട്ടിഫിക്കറ്റുകൾ തുടങ്ങിയ രേഖകളാണ് അമിതപ്പലിശക്കാരിൽ നിന്നും കണ്ടെടുത്തിട്ടുള്ളത്. |
| (സി) | അമിത പലിശക്കാരുടെ ഭീഷണിയെത്തുടർന്ന് എത്രപേർ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ആത്മഹത്യ ചെയ്തിട്ടുണ്ട് ? | (സി) | അമിത പലിശക്കാരുടെ ഭീഷണിയെത്തുടർന്ന് 9 പേർ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ആത്മഹത്യ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ